(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ബസുമതി നെൽക്കൃഷി

5 (*64) ശ്രീ. ജോസ് ബേബി :

ശ്രീ. എൻ. അനിരുദ്ധൻ :

ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസുമതി നെല്ല് നമ്മുടെ സംസ്ഥാനത്ത് കൃഷി ചെയ്യുന്നതിനുള്ള സാഹചര്യമുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിലേയ്ക്കായി കർഷകന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പാലക്കാട്, വയനാട്, തൃശ്ശൂർ, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പാടശേഖരങ്ങളിലായി 1000 ഹെക്ടർ സ്ഥലത്ത് ബസുമതി കൃഷി നടപ്പിലാക്കുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന ഉത്തരവ് ജി.ഒ. (ആർ.റ്റി)1847/2000/എ.ഡി. തീയതി 28.10.2000 പുറപ്പെടുവിച്ചു കഴിഞ്ഞു.

(സി) പൊതുവായ ബസുമതി നെൽകൃഷിയ്ക്ക് കർഷകർക്ക് വിത്ത്, ഉൽപ്പാദനോപാധികൾ, നെല്ലുസംഭരണം തുടങ്ങിയവയ്ക്കായി ഹെക്ടറൊന്നിന് 2100 രൂപയുടെ സഹായം ലഭ്യമാക്കും. ഇതുകൂടാതെ കർഷകരുടെ പങ്കാളിത്തത്തോടെ പ്രദേശങ്ങൾക്ക് അനുയോജ്യമായ വിത്തിനങ്ങളും കൃഷിരീതികളും പരീക്ഷിച്ച് ഉറപ്പുവരുത്തുന്നതിന് സാങ്കേതിക വികസനം പദ്ധതി പ്രകാരം ബസുമതി നെൽക്കൃഷി ചെയ്യുന്ന കർഷകർക്ക് പ്രത്യേക സഹായമെന്ന നിലയിൽ ഹെക്ടറൊന്നിന് 4150 രൂപയുടെ സഹായം നൽകും. സംഭരണ പ്രോത്സാഹനമായി ക്വിന്റൽ ഒന്നിന് 60 രൂപ നിരക്കിൽ സംഭരണ ഏജൻസിക്കു നൽകും. കർഷകർ നേരിട്ടു സംഭരണ ഏജൻസിയെ ഏൽപ്പിച്ചാൽ കർഷകർക്കു ക്വിന്റലിന് 40 രൂപയും നൽകും.

റെയിൽവേ വികസനം

6 (*65) ശ്രീ. എളമരം കരീം :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റെയിൽവേ വികസനത്തിനായി സംസ്ഥാന സർക്കാർ ഏതെല്ലാം പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 1999-2000, 2000-2001 എന്നീ വർഷങ്ങളിലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റുകളിൽ സംസ്ഥാനത്തെ ഏതെല്ലാം റെയിൽവേ വികസന പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly